# സ്ത്രീകളുടെ ജുമുഅഃ ജമാഅത്ത്

ശാഫി സ്വലാഹി ചങ്ങലീരി

സ്ത്രീകൾ ഇസ്‌ലാമികമായ എല്ലാ ചിട്ടകളും പാലിച്ചുകൊണ്ട് ജുമുഅഃ നമസ്കാരത്തിനും മറ്റുള്ള ജമാഅത്തുകൾക്കും വേണ്ടി പള്ളികളിൽ പോകൽ അനുവദനീയമാണെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ഇതേ കാര്യം ഇമാം ശാഫി(റ)യും പഠിപ്പിച്ചിട്ടുണ്ട്. സ്ത്രീകളുടെ ജുമുഅഃയെ കുറിച്ച് അദ്ദേഹം പറയുന്നത് നോക്കൂ:

(അൽ ഉമ്മ്: 1/289)



( قال الشافعي ) ولا أحب لواحد ممن له ترك الجمعة من الأحرار للعذر ولا من النساء وغير البالغين والعبيد أن يصلي الظهر حتى ينصرف الإمام او يتأخى انصرافه بأن يحتاط حتى يرى أنه قد انصرف لأنه لعله يقدر على إتيان الجمعة فيكون إتيانها خيرا له ولا أكره إذا انصرف الإمام أن يصلوا جماعة حيث كانوا إذا كان ذلك غير رغبة عن الصلاة مع الإمام .

( قال الشافعي ) وإن صلوا جماعة أو فرادى بعد الزوال وقبل انصراف الإمام فلا إعادة عليهم لأنهم معذورن بترك الجمعة .

( قال الشافعي ) وإن صلوا جماعة أو فرادى فأدركوا الجمعة مع الإمام صلوها وهي لهم

*അർത്ഥം:* "(ഇമാം ശാഫിഈ(റ) പറഞ്ഞു:) ജുമുഅഃ ഉപേക്ഷിക്കൽ അനുവദനീയമായ ഒഴിവു നൽകപ്പെട്ട സ്വതന്ത്ര പുരുഷന്മാർ, സ്ത്രീകൾ, പ്രായപൂർത്തിയാകാത്തവർ, അടിമകൾ എന്നിവരിൽ ഒരാളും തന്നെ ഇമാം ജുമുഅ നമസ്കാരത്തിൽ നിന്ന് പിരിഞ്ഞുപോകുന്നതുവരെ ളുഹർ നമസ്കരിക്കൽ ഞാൻ ഇഷ്ടപ്പെടുന്നില്ല. അല്ലെങ്കിൽ ഇമാം പിരിഞ്ഞു പോയിരിക്കുമെന്ന് അവൻ ഉദ്ദേശിക്കുന്നത്‌വരെ. അതായത് ഇമാം പിരിഞ്ഞുപോയിരിക്കുമെന്ന അഭിപ്രായം അവർക്കുണ്ടാകുന്നതുവരെ സൂക്ഷ്മതക്കുവേണ്ടി അവർ പിന്തിക്കണം. കാരണം, ജുമുഅഃ ഉപേക്ഷിക്കൽ അനുവദിക്കപ്പെട്ടവർക്ക് (സ്ത്രീകളുൾപ്പെടെയുള്ളവർക്ക്) അതിന് പോകാൻ കഴിഞ്ഞേക്കാമല്ലോ. കഴിയുമെങ്കിൽ അവർ ജുമുഅക്ക് പോകൽ അത്യുത്തമമാണ്." *(അൽ ഉമ്മ്: 1/289)*

ഇമാം ശാഫിഈ(റ) തന്നെ ഇതിന്റെ തൊട്ടുമുമ്പ് പറയുന്നതുകൂടി പ്രത്യേകം ശ്രദ്ധിക്കുക:

**(അൽ ഉമ്മ്: 1/289)**



( قال الشافعي ) ومن قلت لا جمعة عليه من الأحرار للعذر بالحبس أو غيره ومن النساء وغير البالغين والمماليك فإذا شهد الجمعة صلاها ركعتين وإذا أدرك منها ركعة أضاف إليها أخرى وأجزأته عن الجمعة .

*അർത്ഥം:* "(ഇമാം ശാഫിഈ(റ) പറഞ്ഞു:) ജുമുഅഃ നിർബന്ധമില്ലെന്ന് ഞാൻ പറഞ്ഞ തടവുപുള്ളി പോലുള്ള പ്രതിബന്ധമുള്ള സ്വതന്ത്ര പുരുഷന്മാർ, സ്ത്രീകൾ, പ്രായപൂർത്തിയാകാത്തവർ, അടിമകൾ എന്നിവർ ജുമുഅഃക്കു ഹാജരായാൽ അവർ ജുമുഅയുടെ രണ്ടുറക്അത്തുതന്നെ നമസ്കരിക്കണം. ഒരു റക്അത്താണ് അവർക്ക് (ഇമാമിനോടൊപ്പം) ജുമുഅയായി കിട്ടിയതെങ്കിൽ ഒരു റക്അത്തുകൂടി അതിനോടു കൂട്ടി നമസ്കരിക്കണം. എങ്കിൽ ജുമുഅഃയായിട്ട് അവർക്ക് അതു മതിയാകുന്നതാണ്." *(അൽ ഉമ്മ്: 1/289)*

ഇമാംശാഫി(റ)യുടെ മേൽ പ്രസ്താവനകളിൽ നിന്നും, സ്ത്രീകൾ പുരുഷന്മാർ പങ്കെടുക്കുന്ന ജുമുഅയിൽ പങ്കെടുത്താൽ അത് തെറ്റാവുകയില്ലെന്നും പങ്കെടുക്കലാണ് അവർക്ക് ഉത്തമമായതെന്നും യാതൊരു സംശയങ്ങൾക്കും ഇടയില്ലാത്തവിധം വ്യക്തമാണ്.

ഇനി അദ്ദേഹം തന്നെ ഈ വിഷയം ഹദീസുകളുദ്ധരിച്ച് സമർത്ഥിക്കുന്നത് കാണുക:

**(അൽ ഉമ്മ്: 1/132)**



( قال الشافعي ) وأخبرنا مالك بن أنس عن يحيى بن سعيد عن عمرة بنت عبد الرحمن عن عائشة قالت إن كان رسول ﷺ ليصلي الصبح فتنصرف النساء متلفعات بمروطهن مايعرفن من الغلس ، ولا تفوت حتى تطلع الشمس قبل أن يصلي منها ركعة والركعة ركعة بسجودها فمن لم يكمل ركعة بسجودها قبل طلوع الشمس فقد فاتته الصبح لقول النبي ﷺ : « من أدرك ركعة من الصبح قبل أن تطلع الشمس فقد أدرك الصبح » (١)

*അർത്ഥം:* "(ഇമാം ശാഫിഈ(റ) പറഞ്ഞു:) ....ആയിശ(റ)യിൽ നിന്ന് നിവേദനം. അവർ പറഞ്ഞു: നിശ്ചയം നബി(ﷺ) സുബ്ഹി നമസ്കരിക്കും. നമസ്കാരം കഴിഞ്ഞ ഉടനെ സ്ത്രീകൾ അവരുടെ മേൽവസ്ത്രംകൊണ്ട് മൂടിപ്പുതച്ചവരായി പിരിഞ്ഞുപോകുമായിരുന്നു. ഇരുട്ടുകാരണം അവരെ തിരിച്ചറിയാറുണ്ടായിരുന്നില്ല." (സുബ്ഹി അതിന്റെ ആദ്യ സമയത്തിൽ നമസ്കരിക്കുമെന്ന് സാരം) *(അൽ ഉമ്മ്: 1/132)*

തൊട്ടടുത്ത പേജിൽതന്നെ വീണ്ടും ഇതേ ഹദീസിന്റെ മറ്റൊരു റിപ്പോർട്ടുകൂടി കൊടുക്കുന്നത് കാണുക:

(അൽ ഉമ്മ്: 1/133)



أخبرنا الربيع قال أخبرنا الشافعي قال أخبرنا سفيان عن الزهري عن عروة عن عائشة قالت كن نساء من المؤمنات يصلين مع النبي صلى الله عليه وسلم وهن متلفعات بمروطهن ثم يرجعن إلى أهلهن مايعرفهن أحد من الغلس .

( قال الشافعي ) وروى زيد بن ثابت عن النبي صلى الله عليه وسلم مايوافق هذا وروى مثله أنس بن مالك وسهل ابن سعد الساعدي عن النبي صلى الله عليه وسلم .

*അർത്ഥം:* "(ഇമാം ശാഫിഈ(റ) പറഞ്ഞു:) ....ആയിശ(റ) യിൽനിന്ന് നിവേദനം: അവർ പറഞ്ഞു: സത്യവിശ്വാസിനികളായ സ്ത്രീകൾ (നബി(ﷺ)യുടെ ഭാര്യമാരും സ്വഹാബാ വനിതകളുമുൾപടെയുള്ള ഉത്തമ വനിതകൾ) അവരുടെ പുതപ്പ് കൊണ്ട് മൂടിപ്പുതച്ചവരായി നബി(ﷺ)യോടൊപ്പം സ്ഥിരമായി നമസ്കരിക്കാറുണ്ടായിരുന്നു. പിന്നെ അവർ അവരുടെ ആളുകളിലേക്ക് മടങ്ങുകയും ചെയ്തിരുന്നു. ഇരുട്ടുകാരണം ആരും അവരെ തിരിച്ചറിയാറുണ്ടായിരുന്നില്ല" *(അൽ ഉമ്മ്: 1/133)*

ഇമാം ശാഫി(റ). തന്നെ അദ്ദേഹത്തിന്റെ 'മുസ്നദ്' എന്ന ഗ്രന്ഥത്തിൽ ഇതേ ഹദീസു തന്നെ ഉദ്ധരിക്കുന്നത് നോക്കൂ:

(മുസ്നദ്: 8/708)




أخبرنا سفيان عن الزهري عن عروة عن عائشة قالت كان رسول الله ﷺ يصلي الصبح فتنصرف النساء متلفعات بمروطهن ما يعرفن من الغلس .

أخبرنا مالك عن يحيى بن سعيد عن عمرة عن عائشة مثله .

*അർത്ഥം:* "(ഇമാം ശാഫിഈ(റ) പറഞ്ഞു:) ....ആയിശ(റ)യിൽനിന്ന് നിവേദനം: അവർ പറഞ്ഞു: നബി(ﷺ) സുബ്ഹി സ്ഥിരമായി നമസ്കരിക്കും. ഉടനെ സ്ത്രീകൾ അവരുടെ പുതപ്പ് കൊണ്ട് മൂടിപ്പുതച്ചവരായി പിരിഞ്ഞുപോകും. ഇരുട്ടുകാരണം അവരെ തിരിച്ചറിയാറുണ്ടായിരുന്നില്ല" *(മുസ്നദ്: 8/708)*

ഇനിയും ഇമാം ശാഫിഈ(റ) തന്നെ വേറെയും ഹദീസുകളുദ്ധരിക്കുന്നു:

(അൽ ഉമ്മ്: 1/204)



باب كلام الإمام وجلوسه بعد السلام

أخبرنا الربيع قال أخبرنا الشافعي قال أخبرنا إبراهيم بن سعد عن ابن شهاب قال أخبرتني هند بنت الحارث بن عبد الله بن أبي ربيعة عن أم سلمة زوج النبي صلى الله عليه وسلم قالت كان رسول الله صلى الله عليه وسلم إذا سلم من صلاته قام النساء حين يقضي تسليمه ومكث النبي صلى الله عليه وسلم في مكانه يسيرا قال ابن شهاب فنرى مكثه ذلك والله أعلم لكي ينفذ النساء قبل أن يدركهن من انصرف من القوم [1] .

*അർത്ഥം:* " ഇമാം ശാഫിഈ(റ) പറഞ്ഞു: ....പ്രവാചക പത്നി ഉമ്മുസലമ(റ)യിൽനിന്ന് നിവേദനം: നബി(ﷺ) സലാം വീട്ടിയാൽ അന്നേരം സ്ത്രീകൾ എഴുന്നേറ്റുപോകും. നബി(ﷺ)യും അൽപസമയം അവിടെത്തന്നെ ഇരിക്കും. ഇബ്നുശിഹാബ്(റ) പറയുന്നു: (അല്ലാഹുവാണ് കൂടുതൽ അറിയുന്നവൻ) ജനങ്ങളിൽ നിന്ന് പിരിഞ്ഞു പോകുന്നവർ സ്ത്രീകളുമായി കൂടിക്കലരുന്നതിന്നു മുമ്പായി സ്ത്രീകൾ എഴുന്നേറ്റു പോകുവാൻ വേണ്ടിയായിരുന്നു നബി(ﷺ)യുടെ ഇരുത്തമെന്ന് ഞങ്ങൾ കണ്ടിരുന്നത്." *(അൽ ഉമ്മ്: 1/204)*

ഇതേ ഹദീസുതന്നെ അദ്ദേഹം തന്റെ 'അസ്സുനൻ' എന്ന ഹദീസ് ഗ്രന്ഥത്തിലും (1/191) ഉദ്ധരിക്കുന്നുണ്ട്.

ഇനി ഇമാം ശാഫിഈ(റ) തന്നെ തന്റെ 'അസ്സുനൻ' എന്ന ഹദീസ് ഗ്രന്ഥത്തിൽ "സ്തീകൾ പള്ളികളിലെ ജമാഅത്തിൽ പങ്കെടുക്കുന്ന അദ്ധ്യായം" എന്ന ഒരു തലക്കെട്ടുതന്നെ നൽകിയശേഷം ആവിഷയത്തിലുള്ള ഏതാനും ഹദീസുകൾ ഉദ്ധരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കുക:

**(അസ്സുനൻ: 1/288. ഹദീസ് നമ്പർ: 181)**



باب ما جاء في حضور(١)
النساء مساجد الجماعة

١٨١ ـ حدثنا الشافعي رحمه الله، قال: حدثنا سفيان «بن عيينة»(٢)، عن الزهري، قال: أخبرني سالم بن عبد الله، عن أبيه.
أن رسول الله ﷺ قال: «إذا استأذنت أحدكم امرأته إلى المسجد، فلا يمنعها»(٣).

*അർത്ഥം:* "ഇമാം ശാഫി(റ) പറഞ്ഞു: .....സാലിമുബ്നു അബ്ദുല്ല(റ) അദ്ദേഹത്തിന്റെ പിതാവിൽനിന്നു നിവേദനം: നബി(ﷺ) പറഞ്ഞു: 'നിങ്ങളിലൊരാളുടെ ഭാര്യ നിങ്ങളോട് പള്ളിയിലേക്ക് പോകാൻ സമ്മതം ചോദിച്ചാൽ അവൻ അവളെ തടയരുത്" *(അസ്സുനൻ: 1/288)*

**(അസ്സുനൻ: 1/289. ഹദീസ് നമ്പർ: 182)**



١٨٢ ـ حدثنا الشافعي رحمه الله قال: حدثنا(٤) سفيان بن عيينة، عن عاصم، عن مولى أبي رُهْم (١) قال:
لقي أبو هريرة امرأةً، فقال: أين تريدين؟ فقالت: المسجدَ قال: وله خرجت؟ «قالت: نعم، قال(٢): وقد تطيبت؟ قالت: نعم، قال: فإني سمعت رسول الله(٣) ﷺ يقول: «أيما امرأةٍ تطيَّبت، ثم خرجتْ تريدُ المسجدَ، لم يَقبل الله لها كذا وكذا(٤)، ولا صيامَ حتى ترجعَ فتغتسل غسلها من الجنابة»(٥).

*അർത്ഥം:* "ഇമാം ശാഫിഈ(റ) ഞങ്ങളോട് പറഞ്ഞു..... അബൂഹുറൈറ(റ) ഒരു സ്ത്രീയെ കണ്ടുമുട്ടി. അവളോട് ചോദിച്ചു: എവിടേക്കാണ് (പോകാൻ) ഉദ്ദേശിച്ചിട്ടുള്ളത്? അവൾ പറഞ്ഞു: പള്ളിയിലേക്ക്. അപ്പോൾ അബൂഹുറൈറ(റ) ചോദിച്ചു: 'അതിനു വേണ്ടിയാണോ നീ പുറപ്പെട്ടത്?' അവൾ പ്രതികരിച്ചു: അതെ. അദ്ദേഹം ചോദിച്ചു: നീ സുഗന്ധം പുരട്ടിയിട്ടുണ്ടോ? അതെയെന്ന് അവൾ പ്രത്യുത്തരം നൽകി. അബൂഹുറൈറ(റ) പറഞ്ഞു: നിശ്ചയം നബി(ﷺ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.: "വല്ല സ്ത്രീകളും സുഗന്ധം ഉപയോഗിച്ച് പള്ളിയിലേക്ക് പുറപ്പെട്ടാൽ അല്ലാഹു അവളിൽനിന്ന് ഇന്നിന്നതൊന്നും സ്വീകരിക്കുകയില്ല. അവൾ മടങ്ങിപോയി വലിയ അശുദ്ധിയുടെ കുളി പോലെ അത് കഴുകിക്കളയുന്നതുവരെ അവളുടെ നോമ്പും അല്ലാഹു സ്വീകരിക്കുകയില്ല." *(അസ്സുനൻ: 1/289)*

**(അസ്സുനൻ: 1/290. ഹദീസ് നമ്പർ: 183)**



١٨٣ ـ حدثنا الشافعي رحمه الله، قال: وحدثنا⁽¹⁾ سفيان، عن محمد بن عمرو بن علقمة، عن أبي سلمة، عن أبي هريرة قال: قال رسول الله ﷺ: «لا تمنعوا إماءَ الله مساجدَ الله، وليَخْرُجْنَ وهن تفلات*»⁽²⁾.

*അർത്ഥം:* "ഇമാം ശാഫിഈ(റ) ഞങ്ങളോട് പറഞ്ഞു: "സാലിം(റ) തന്റെ പിതാവിൽനിന്ന് നിവേദനം: നബി(ﷺ) പറഞ്ഞു: അല്ലാഹുവിന്റെ അടിമകളായ സത്രീകളെ അല്ലാഹുവിന്റെ പള്ളികളിൽനിന്ന് നിങ്ങൾ തടയരുത്; അവർ സുഗന്ധം പുരട്ടാതെ പുറപ്പെടണം." *(അസ്സുനൻ: 1/290)*

നോക്കൂ, ഇവിടെയും എത്ര വ്യക്തമാണ് കാര്യം. ഇമാം ശാഫിഈ(റ)യാണ് ഇതു ദ്ധരിച്ചിരിക്കുന്നത് എന്നത് മറക്കാതിരിക്കുക. മാത്രമല്ല, അദ്ദേഹം ഈ ഹദീസുകളിൽ നിന്നും മനസ്സിലാക്കിയ കാര്യമാണ് അതിന്റെ തലക്കെട്ടായി നൽകിയിട്ടുള്ളത്. അതാകട്ടെ 'സ്ത്രീകൾ പള്ളികളിലെ ജമാഅത്തിൽ പങ്കെടുക്കുന്ന അദ്ധ്യായം' എന്നാണ് താനും! ഇതിൽപരം ഇനിയെന്താണ് വേണ്ടത്?

ഇനിയും ഇമാം ശാഫിഈ(റ) തന്നെ അദ്ദേഹത്തിന്റെ 'ഇഖ്തിലാഫുൽ ഹദീസ്' എന്ന ഗ്രന്ഥത്തിൽ ഇതേ തലക്കെട്ടിൽ തന്നെ (സ്ത്രീകൾ പള്ളികളിലേക്ക് പോകുന്ന അദ്ധ്യായം) നൽകിയ ശേഷം ഉദ്ധരിക്കുന്നത് കാണുക:

**(ഇഖ്തിലാഫുൽ ഹദീസ് 8/768)**




باب خروج النســـــــاء إلى المساجد

حدثنا الربيع قال:

( قال الشافعي ) أخبرنا بعض أهل العلم عن محمد بن عمرو بن علقمة عن أبي سلمة عن أبي هريرة أن النبي ﷺ قال « لا تمنعوا إماء الله مساجد الله وإذا خرجن فليخرجن تفلات » .

( قال الربيع ) يعني لا يتطيبن .

أخبرنا سفيان عن الزهري عن سالم عن أبيه أن رسول الله ﷺ قال « إذا استأذنت امرأة أحدكم إلى المسجد فلا يمنعها » .

*അർത്ഥം:* "(ഇമാം ശാഫിഈ(റ) പറഞ്ഞു:) ....അബൂഹുറൈറ(റ) നിവേദനം: തീർച്ചയായും നബി(ﷺ)പറഞ്ഞു: അല്ലാഹുവിന്റെ അടിമകളായ സ്ത്രീകൾക്ക് അല്ലാഹുവിന്റെ പള്ളികൾ നിങ്ങൾ തടയരുത്; അവർ സുഗന്ധം പുരട്ടാതെ പുറപ്പെടണം.

(റബീഅ് പറഞ്ഞു:) അതുകൊണ്ടുദ്ദേശ്യം സുഗന്ധമുപയോഗിക്കാതെ എന്നാണ്. "സാലിം(റ) തന്റെ പിതാവിൽനിന്ന് നിവേദനം: നബി(ﷺ) പറഞ്ഞു: നിങ്ങളിലൊരാളുടെ ഭാര്യ, അവൾക്ക് പള്ളിയിലേക്ക് പോകാൻ സമ്മതം ചോദിച്ചാൽ അവൻ അവളെ തടയരുത്" *(ഇഖ്തിലാഫുൽ ഹദീസ് 8/768)*

ഇനി രാത്രി നമസ്കാരത്തിൽ സ്ത്രീകൾ പങ്കെടുത്തു എന്ന് പറയുന്ന ഒരു ഹദീസ് ഇമാം ശാഫിഈ(റ) തന്നെ ഉദ്ധരിക്കുന്നത് നോക്കൂ:

**(അസ്സുനൻ: 1/141. ഹദീസ് നമ്പർ: 32)**



٣٢ ـ حدثنا الشافعي رحمه الله، قال: وأخبرنا عبد الوهاب بن عبد المجيد الثقفي، عن حميد الطويل، عن أنس بن مالك.

أن رسول الله ﷺ رأى حَبْلاً ممدوداً بين ساريتين، فقال: ما هذا الحبل؟ فقالوا: لفلانة؛ تصلي، فإذا غُلِبَت، تعلقت به، فقال: لا تفعل، «تصلي»(١) «ما عقلت»(٢) فإذا غلبت فلتنم(٣).

*അർത്ഥം:* "ഇമാം ശാഫി(റ) പറഞ്ഞു: ....അനസുബ്നു മാലിക്(റ)യിൽ നിന്ന് നിവേദനം: ഒരിക്കൽ നബി(ﷺ) പള്ളിയിൽ രണ്ട് തൂണുകൾക്കിടയിൽ നീട്ടിക്കെട്ടിയ ഒരു കയർ കാണുകയുണ്ടായി. നബി(ﷺ) ചോദിച്ചു: 'ഇതെന്തിനാണീ കയർ?' അവർ പറഞ്ഞു: ഇത് ഒരു സ്ത്രീയുടേതാണ്. അവൾ നമസ്കരിക്കും; അങ്ങനെ അവൾ ക്ഷീണിച്ചാൽ ആ കയറിൽ പിടിക്കും.അപ്പോൾ നബി(ﷺ) പറഞ്ഞു: 'അത് അവൾ ചെയ്യരുത്. അവൾ ഉന്മേഷമുള്ളപ്പോൾ നമസ്കരിക്കട്ടെ; (ഉറക്കം) ഉന്മേഷത്തെ അതിജയിച്ചാൽ അവൾ ഉറങ്ങട്ടെ" *(അസ്സുനൻ: 1/141. ഹദീസ് നമ്പർ: 32)*

സ്ത്രീകൾ പള്ളിയിൽ വെച്ച് സുന്നത്തു നമസ്കാരംപോലും നിർവ്വഹിക്കൽ അനുവദനീയമാണ് എന്ന് വ്യക്തമായി തെളിയിക്കുകയാണ് ഈ ഹദീസ് ചെയ്യുന്നത്.

ഇനി പെരുന്നാൾ നമസ്കാരത്തിൽ സ്ത്രീകൾ പങ്കെടുക്കുന്നതിനെ കുറിച്ചുള്ള ഹദീസുകൾ അദ്ദേഹം ഉദ്ധരിക്കുന്നത് കാണുക:

**(അൽ ഉമ്മ്: 1/358)**



الصلاة قبل العيد وبعده

أخبرنا الربيع قال أخبرنا الشافعي قال أخبرنا إبراهيم عن عدى بن ثابت عن سعيد بن جبير عن ابن عباس رضى الله تعالى عنهما قال صلى رسول الله صلى الله عليه وسلم يوم العيدين بالمصلى ولم يصل قبلهما ولا بعدهما شيئا ثم انفتل إلى النساء فخطبهن قائما وأمر بالصدقة قال فجعل النساء يتصدقن بالقرط وأشباهه .

*അർത്ഥം:* "ഇമാം ശാഫിഈ(റ) പറഞ്ഞു: ....ഇബ്നു അബ്ബാസ്(റ) നിവേദനം: രണ്ടു പെരുന്നാളിനും നബി(ﷺ) മുസ്വല്ലയിൽ (ഈദ് ഗാഹിൽ) നമസ്കരിച്ചു. പെരുന്നാൾ നമസ്കാരത്തിന് മുമ്പോ ശേഷമോ സുന്നത്ത് നമസ്കരിച്ചിട്ടില്ല. പിന്നീട് സ്ത്രീകളുടെ അടുക്കലേക്ക് തിരിഞ്ഞുപോയികൊണ്ട് അവരോട് പ്രസംഗിച്ചു. ദാനധർമം ചെയ്യാൻ അവരോട് കൽപിക്കുകയും ചെയ്തു. ഇബ്നു അബ്ബാസ്(റ) പറഞ്ഞു: സ്ത്രീകൾ അവരുടെ ചിറ്റും അതുപോലുള്ളതും ദാനം ചെയ്തു." *(അൽ ഉമ്മ്: 1/358)*

**(അൽ ഉമ്മ്: 1/359,360)**



أخبرنا الربيع قال أخبرنا الشافعي قال أخبرنا سفيان عن أيوب السختياني قال سمعت عطاء بن أبي رباح يقول سمعت ابن عباس يقول أشهد على رسول الله صلى الله عليه وسلم أنه صلى قبل الخطبة يوم العيد ثم خطب فرأى أنه لم يسمع النساء فأتاهن فذكرهن ووعظهن وأمرهن بالصدقة ومعه بلال قائل بثوبه هكذا فجعلت المرأة تلقى الخرص والشيء .

*അർത്ഥം:* "ഇമാം ശാഫിഈ(റ) ഞങ്ങളോട് പറഞ്ഞു: ....ഇബ്നു അബ്ബാസ്(റ) പറയുന്നതായി അത്വാഅ്(റ) കേട്ടു: തീർച്ചയായും നബി(ﷺ) പെരുന്നാൾ ദിവസം ഖുതുബയുടെ മുമ്പ് നമസ്കരിക്കുകയും ശേഷം ഖുതുബ നടത്തുകയും ചെയ്തത് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. സ്ത്രീകൾ ഖുതുബ കേട്ടിട്ടില്ലെന്ന് നബി(ﷺ)ക്ക് അഭിപ്രായമുണ്ടായി. അങ്ങനെ അവരുടെ അടുത്തേക്ക് ചെല്ലുകയും അവരെ ഉപദേശിക്കുകയും ഗുണദോഷിക്കുകയും ചെയ്തു. അവരോട് ധർമം ചെയ്യാൻ കൽപിക്കുകയും ചെയ്തു. നബി(ﷺ)യുടെ കൂടെ ബിലാൽ(റ) ഇപ്രകാരം വസ്ത്രം പിടിച്ചുകൊണ്ട് ഉണ്ടായിരുന്നു. ഒരു സ്ത്രീ സ്വർണത്തിന്റെ ചിറ്റും മറ്റുപലതും അതിലേക്ക് ഇടാൻ തുടങ്ങി." *(അൽ ഉമ്മ്: 1/359,360)*

ഇനി ഇമാം ശാഫിഈ(റ)യുടെ തന്നെ മറ്റൊരു ഉദ്ധരണി കാണുക:

**(അൽ ഉമ്മ്: 1/360,361)**



( قال الشافعي ) ولا بأس أن يخطب على منبر فمعلوم عنه صلى الله عليه وسلم أنه خطب على المنبر يوم الجمعة وقبل ذلك كان يخطب على رجليه قائما إلى جذع ، ومنها أن لابأس أن يخطب الرجل الرجال ، وإن رأى أن النساء وجماعة من الرجال لم يسمعوا خطبته لم أر بأسا أن يأتيهم فيخطب خطبة خفيفة يسمعوا بها وليس بواجب عليه لأنه لم يرو ذلك عن النبي صلى الله عليه وسلم إلا مرة وقد خطب خطبا كثيرة وفي ذلك دلالة على أنه فعل وترك والترك أكثر .

*അർത്ഥം:* "മിമ്പറിന്മേൽ വെച്ച് ഖുതുബ പറയുന്നത് കുഴപ്പമില്ല. ജുമുഅഃ ദിവസം നബി(ﷺ) മിമ്പറിന്മേൽ നിന്ന് വെച്ച് ഖുതുബ പറഞ്ഞത് അറിയപ്പെട്ട കാര്യമാണ്. അതിനുമുമ്പ് (മിമ്പർ ഉണ്ടാക്കപ്പെടുന്നതിന്റെ മുമ്പ്) രണ്ട് കാലിൽ ഈത്തപ്പനത്തടിയിലേക്ക്

(ചാരി) നിന്നുകൊണ്ടുമാണ്. (ചെയ്തിരുന്നത്) (അതിൽ പെട്ടതാണ്) പുരുഷന്മാർക്ക് പുരുഷൻ ഖുതുബ നടത്തുന്നത് കുഴപ്പമില്ല എന്നത്. പുരുഷരിൽ ഒരു വിഭാഗവും സ്ത്രീകളും ഖുതുബ കേട്ടിട്ടില്ലാ എന്ന് അദ്ദേഹം (ഖതീബ്) മനസ്സിലാക്കിയാൽ അവർ കേൾകത്തക്കവിധം അവരുടെ അടുത്തു ചെന്ന് ലഘുവായ ഒരു ഖുതുബ നടത്തുന്നതിൽ ഞാൻ ഒരു കുഴപ്പവും കാണുന്നില്ല. അത് അദ്ദേഹത്തിന് നിർബന്ധവുമില്ല. കാരണം നബി(ﷺ)യിൽ നിന്ന് അത് ഒരുപ്രാവശ്യം മാത്രമല്ലാതെ റിപ്പോർട്ട് ചെയ്തിട്ടില്ല. നബി(ﷺ) ധാരാളം ഖുതുബ നടത്തിയിട്ടും ഒരിക്കൽ മാത്രമെ അങ്ങനെ ചെയ്തിട്ടുള്ളൂ. ആ കാര്യത്തിൽ നബി(ﷺ) ചെയ്തതിനും ഉപേക്ഷിച്ചതിനും തെളിവുണ്ട്. രണ്ടാം ഖുതുബ ഉപേക്ഷിച്ചതിനാണ് ധാരാളം തെളിവുള്ളത്." *(അൽ ഉമ്മ്: 1/360,361)*

ഇനി ഈദ് ഗാഹിലേക്ക് (മുസ്വല്ലയിലേക്ക്) സ്ത്രീകൾ വരുമ്പോൾ പാലിക്കേണ്ട ചിട്ടകളെ കുറിച്ച് ഇമാം ശാഫിഈ(റ) വിവരിക്കുന്നത്. നോക്കൂ:

**(അൽ ഉമ്മ്: 1/356)**



( قال ) وأحب إذا حضر النساء الأعياد والصلوات يحضرنها نظيفات بالماء غير متطيبات ولا يلبسن ثوب شهرة ولا زينة وأن يلبسن ثيابا قصدة من البياض وغيره وأكره لهن الصبغ كلها فإنها تشبه الزينة والشهرة أو هما .

( قال الشافعي ) ويلبس الصبيان أحسن ما يقدرون عليه ذكورا أو إناثا ويلبسون الحلي والصبغ وإن حضرتها امرأة حائض لم تصل ودعت ولم أكره لها ذلك وأكره لها أن تحضرها غير حائض إلا طاهرة للصلاة لأنها لاتقدر على الطهارة وأكره حضورها إلا طاهرة إذا كان الماء يطهرها .

*അർത്ഥം:* "(ഇമാം ശാഫിഈ(റ) പറഞ്ഞു:); സ്ത്രീകൾ നമസ്കാരങ്ങൾക്കും പെരുന്നാളുകൾക്കും ഹാജറാകുന്നതാണ് ഞാൻ ഇഷ്ടപ്പെടുന്നത് (സുന്നത്ത്.). അവർ വെള്ളം കൊണ്ട് ശുദ്ധീകരിച്ചവരും സുഗന്ധങ്ങൾ ഉപയോഗിക്കാത്തവരുമായി ഹാജറാകണം. പ്രശസ്തിയുടെ വസ്ത്രമോ ആഭരണമോ ധരിക്കരുത്. മിതമായ വസ്ത്രങ്ങൾ അവർ ധരിക്കണം. വെള്ളനിറത്തിലുള്ളതും അല്ലാത്ത നിറത്തിലുള്ളതും ആവാം. എല്ലാ തരം കളർ വസ്ത്രങ്ങളും സ്ത്രീകൾക്ക് ഞാൻ വെറുക്കുന്നു. കാരണം അത് ആഭരണത്തിനോടോ പ്രശസ്തിയുടേതിനോടോ, അല്ലെങ്കിൽ അവ രണ്ടിനോടുമോ സാദൃശ്യമുള്ളതാണ്.

(ഇമാം ശാഫിഈ പറഞ്ഞു:) കുട്ടികൾ, അവർ പെൺകുട്ടികളോ ആൺകുട്ടികളോ ആവട്ടെ, അവർ തങ്ങൾക്ക് സാധ്യമാവുന്ന ഏറ്റവും നല്ല വസ്ത്രം ധരിക്കട്ടെ. ആഭരണങ്ങളും വർണ വസ്ത്രങ്ങളും ധരിക്കട്ടെ. ഇനി ആർത്തവകാരിയായ സ്ത്രീ അവിടെ (ഈദ്ഗാഹിൽ) ഹാജറായാൽ അവൾ നമസ്കരിക്കരുത്. അവൾ പ്രാർത്ഥിക്കണം. അവൾ പങ്കെടുക്കൽ ഞാൻ വെറുക്കുന്നില്ല. ആർത്തവകാരിയല്ലെങ്കിൽ അവൾ നമസ്കാരത്തിന് അംഗശുദ്ധിയില്ലാതെ ഹാജറാകുന്നത് ഞാൻ വെറുക്കുന്നു. കാരണം അവൾക്ക് അംശുദ്ധിയാകാൻ അവിടെ സാധിക്കുകയില്ലല്ലോ. ശുദ്ധീകരിക്കാൻ വെള്ള

മുണ്ടെങ്കിൽ അവൾ ശുദ്ധിയായിട്ടല്ലാതെ ഹാജറാകുന്നതും ഞാൻ വെറുക്കുന്നു." *(അൽ ഉമ്മ്: 1/356)*

ഇനി സ്ത്രീകൾ പള്ളിയിൽ വന്നാൽ അവർ അണിനിരക്കേണ്ടുന്ന രൂപവും ഇമാം ശാഫിഈ(റ) തന്നെ ഹദീസുദ്ധരിച്ച് വ്യക്തമാക്കുന്നത് കാണുക:

**(അസ്സുനൻ: 1/286. ഹദീസ് നമ്പർ: 180)**



١٨٠ ـ حدثنا الشافعي، رحمه الله قال: حدثنا(١) سفيان، عن محمد بن عجلان، عن أبيه ـ أو عن(٢) سعيد المقبري ـ عن أبي هريرة. عن النبي ﷺ أنه قال: «خير صُفوف الرجال أولُها، وشرُها آخرها، وخيرُ صفوف النساء آخرُها، وشرُها أولُها»(٣)(*).

*അർത്ഥം:* "ഇമാം ശാഫി(റ) ഞങ്ങളോട് പറഞ്ഞു: അബൂഹുറൈറ(റ)യിൽ നിന്ന് നിവേദനം: നബി(ﷺ) പറഞ്ഞു: 'പുരുഷന്മാരുടെ അണികളിൽ (സ്വഫ്ഫിൽ) ഉത്തമമായത് ഒന്നാമത്തെ സ്വഫ്ഫും മോശമായത് അവസാനത്തെ സ്വഫ്ഫുമാണ്. എന്നാൽ സ്ത്രീകളുടെ അണികളിൽ ഏറ്റവും ഉത്തമമായത് അവസാനത്തേതും മോശമായത് ആദ്യത്തേതുമാണ്." *(അസ്സുനൻ: 1/286. ഹദീസ് നമ്പർ: 180)*

ഇപ്പോൾ കാര്യങ്ങൾ കൂടുതൽ തെളിഞ്ഞുകഴിഞ്ഞു! അഥവാ, ഇമാം ശാഫിഈ(റ) സ്ത്രീകളുടെ പള്ളിപ്രവേശനത്തെ അനുകൂലിക്കുകയും അംഗീകരിക്കുകയുമാണ് ചെയ്തിട്ടുള്ളതെന്നും, അത് തെളിവുകളുദ്ധരിച്ച് സമർത്ഥിക്കുകയുമാണ് അദ്ദേഹം ചെയ്തിരിക്കുന്നതെന്നും തന്റെ കിതാബുകളിലെ നിരവധി ഉദ്ധരണികളിൽനിന്നും അദ്ദേഹം റിപ്പോർട്ടു ചെയ്ത ഹദീസുകളിൽ നിന്നും പകൽ വെളിച്ചം പോലെ വ്യക്തമായല്ലോ.

എന്നാൽ ചില മുസ്ല്യാക്കന്മാർ ജൽപിക്കാറുള്ളത് ഇമാം ശാഫിഈ(റ) സ്ത്രീകളുടെ പള്ളിപ്രവേശത്തിന് എതിരാണെന്നും അദ്ദേഹം അതിനെ ശക്തിയായി എതിർത്തിട്ടുണ്ടെന്നുമാണ്. അതിനായി അവർ ഉയർത്തിക്കാട്ടാറുള്ളത് അദ്ദേഹത്തിന്റെ 'ഇഖ്തിലാഫുൽ ഹദീസ്' എന്ന കിതാബിലെ ഒരു ഉദ്ധരണിയാണ്. ഇവർ പറയുന്നത് കേട്ടാൽ തോന്നുക ഇമാം ശാഫിഈ(റ) സ്ത്രീകളുടെ പള്ളിപ്രവേശത്തെ അതിലൂടെ ഹറാമാക്കിയിരിക്കുകയാണെന്നാണ്. എന്നാൽ അതിൽ അത്തരത്തിലുള്ള നേരിയ പരാമർശംപോലുമില്ല! പിന്നെ അതിൽ പറയുന്നതാകട്ടെ, സ്ത്രീകൾക്ക് ജുമുഅഃ നിർബന്ധമുണ്ടോ, ഇല്ലയോ എന്ന വിഷയമാണ്. അതിൽ നിർബന്ധമില്ലെന്ന പക്ഷത്ത് നിൽക്കുകയാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. ഇതാ പ്രസ്തുത ഉദ്ധരണി മുസ്ല്യാക്കന്മാരുടെ വരികളിലൂടെതന്നെ ശ്രദ്ധിച്ച് വായിക്കുക:

(സ്ത്രീ ജുമുഅ ജമാഅത്ത് പ്രമാണങ്ങളിൽ പേജ്: 95,96. കാന്തപുരം അബൂബക്കർ മുസ്ല്യാർ)



"ഉമ്മഹാത്തുൽ മുഅ്മിനീങ്ങളിൽ ഒരാളും ജുമുഅക്കോ ജമാഅത്തിനോ പള്ളിയിൽ പോയതായി നാം അറിഞ്ഞിട്ടില്ല. റസൂൽ(സ)യുമായുള്ള സാമീപ്യം കാരണം നിർബന്ധകാര്യങ്ങൾ പ്രവർത്തിക്കാൻ ഏറ്റവും ബന്ധപ്പെട്ടവർ അവിടത്തെ സഹധർമിണികളാണല്ലോ. അവർ പർദ്ദവിധിവന്നശേഷം തടയപ്പെട്ടതാണെന്ന് പറയുകയാണെങ്കിൽ (മറുപടിയായി) പറഞ്ഞേക്കാം. മുമ്പ് അവർക്ക് പർദ്ദവിധി ഉണ്ടായിരുന്നില്ലല്ലോ. പിന്നീടല്ലേ പർദ്ദവിധി വന്നത്? നിർബന്ധമായ ഒരുകാര്യവും അവരിൽനിന്ന്ഉയർത്തപ്പെട്ടിട്ടില്ല. (അപ്പോൾ പർദ്ദവിധിയുടെ മുമ്പും പിമ്പും അവർക്കിതു നിർബന്ധമില്ലെന്നായി) ഒരാളും ജുമുഅക്ക് പോകൽ സ്ത്രീകളുടെമേൽ നിർബന്ധമാക്കിയതായി ഞാൻ അറിഞ്ഞിട്ടില്ല. എല്ലാവരും റിപ്പോർട്ടുചെയ്യുന്നുണ്ട് സ്ത്രീ, യാത്രക്കാരൻ, അടിമ ഇവരൊഴിച്ചുള്ള എല്ലാവർക്കും ആണ് ജുമുഅ നിർബന്ധമെന്ന്. ജുമുഅ നിസ്കാരം തന്നെ അവർക്കു നിർബന്ധമില്ലെന്നു വരുമ്പോൾ മറ്റുള്ള ഫർള്, സുന്നത്ത് നിസ്കാരങ്ങൾ പള്ളിയിൽ വെച്ച് ഏതായാലും നിർബന്ധമില്ല." (ഇഖ്തിലാഫുൽ ഹദീസ് 7/173, 174)

സഹോദരങ്ങളെ, ഇനി നിഷ്പക്ഷമായി വിലയിരുത്തുക! ഇതിലെവിടെയാണ് സ്ത്രീകൾ ജുമുഅഃ ജമാഅത്തിന് പോകൽ തെറ്റും കുറ്റവുമാണ് എന്നത്? 'നിർബന്ധമില്ല' എന്ന് അദ്ദേഹം പറഞ്ഞില്ലേ? എന്നാണ് മറുപടിയെങ്കിൽ അറിയുക, നമ്മുടെ വാദവും അതുതന്നെയാണ്. സ്ത്രീകൾ പുരുഷന്മാരെപ്പോലെ നിർബന്ധമായും പള്ളികളിൽ പോയി ജുമുഅഃയിൽ പങ്കെടുക്കണമെന്ന് മുജാഹിദുകൾക്ക് വാദമില്ല. ആരെങ്കിലും അങ്ങനെ എന്നെങ്കിലും വാദിച്ചിട്ടുണ്ടെങ്കിൽ അതിന് മുജാഹിദുകൾ ഉത്തരവാദികളുമല്ല. നാം പറയുന്നത് സ്ത്രീകൾ ജുമുഅഃ ജമാഅത്തുകളിൽ പങ്കെടുക്കൽ അനുവദനീയവും പുണ്യകർമവുമാണ് എന്നാണ്. അതിനനുകൂലമാണ് ഇമാം ശാഫിഈ(റ) യുടെ നിലപാട് എന്ന് നാം മനസ്സിലാക്കുകയും ചെയ്തുവല്ലോ.

പിന്നെ അതിലുള്ളത് ഉമ്മഹാത്തുൽ മുഅ്മിനുകൾ (നബി(ﷺ)യുടെ ഭാര്യമാർ) ജുമുഅഃക്കോ ജമാഅത്തിനോ പോയതായി അദ്ദേഹം അറിഞ്ഞിട്ടില്ല എന്നതാണല്ലോ. ഇക്കാര്യത്തിലും കാര്യം വളരെ വ്യക്തമാണ്. അഥവാ, അദ്ദേഹം (ഇമാം ശാഫിഈ(റ)) അറിഞ്ഞിട്ടില്ല എന്നത് ഇസ്ലാമിൽ രേഖയല്ല. മാത്രമല്ല, ഇമാം ശാഫിഈ(റ) അറിയാത്ത (ബുഖാരി, മുസ്ലിം ഉൾപടെയുള്ള പ്രസിദ്ധ ഗ്രന്ഥങ്ങളിൽ വന്നതുപോലും) എത്രയോ കാര്യങ്ങളുണ്ട് എന്നത് ആമുഖത്തിൽ രേഖകൾ സഹിതം നാം മനസ്സിലാക്കി: അതിനാൽ ഇമാം ശാഫിഈ(റ) കണ്ടിട്ടില്ല; കേട്ടിട്ടില്ല എന്നീ പ്രയോഗങ്ങൾക്ക് ഇസ്ലാമിൽ സ്ഥാനമില്ലെന്ന് വ്യക്തം. മാത്രവുമല്ല, അതിൽ പറയുന്നതുതന്നെ നബി(ﷺ)യുടെ ഭാര്യമാർ പോയതായി കണ്ടിട്ടില്ല എന്നാണല്ലോ. ഇവിടെയും അടിസ്ഥാനപരമായി ഒരു കാര്യം നാം മനസ്സിലാക്കേണ്ടതുണ്ട്. അതായത്, ഒരു കാര്യം നബി(ﷺ)യുടെ ഭാര്യമാർ ചെയ്തതായി സ്ഥിപ്പെട്ടെങ്കിൽ മാത്രമെ സ്വീകരിക്കൂ എന്നു പറയുന്നത് വലിയ വിഡ്ഢിത്തമാണ്. കാരണം ഇസ്ലാമിലെ അടിസ്ഥാനരമായ ഒട്ടുമിക്ക കാര്യങ്ങൾപോലും നബി(ﷺ)യുടെ ഭാര്യമാർ വിശ്വസിച്ചതായും ആചരിച്ചതായും പ്രത്യേകം പറയുന്നില്ല. അതിനർത്ഥം അവർ അതൊന്നും ചെയ്തില്ല വിശ്വസിച്ചില്ല എന്നൊന്നുമല്ല. അവർ ചെയ്തതായി കണ്ടാൽ മാത്രമെ ചെയ്യൂ എന്ന് വാശിപിടിച്ചാൽ അവരുടെ ഇസ്ലാം മതം വട്ടപൂജ്യമായിരിക്കും. (എന്നാൽ നബി(ﷺ)യുടെ ഭാര്യമാർ തന്നെ ജുമുഅഃ ജമാഅത്തുകളിൽ പങ്കെടുത്തതായി തെളിയിക്കുന്ന റിപ്പോർട്ടുകൾ സ്വഹീഹായ ഹദീസുകളിൽ തന്നെ വന്നിട്ടുണ്ട്. അത് വിശദമായി *സത്യസന്ദേശ*ത്തിന്റെ തന്നെ 'സ്ത്രീ പള്ളിപ്രവേശം ഇസ്ലാമിക വീക്ഷണത്തിൽ' എന്ന കൃതിയിൽ ഉദ്ധരിച്ചിട്ടുണ്ട്.)

ചുരുക്കത്തിൽ ഇസ്ലാമികമായ നിബന്ധനകളെല്ലാം പാലിച്ചുകൊണ്ട് സ്ത്രീകൾക്ക് ജുമുഅഃ ജമാഅത്തുകൾക്കു വേണ്ടി പള്ളികളിലേക്ക് പോകാമെന്നും അവിടെവെച്ച് ഇമാമിനെ തുടർന്ന് നമസ്കരിക്കാമെന്നും സാക്ഷാൽ ഇമാം ശാഫിഈ(റ) യുടെ മേൽ ഉദ്ധരണികളിലൂടെ പകൽവെളിച്ചം പോലെ വ്യക്തമായി. അതിനാൽ ഈവിഷയത്തിലുള്ള യഥാർത്ഥ ശാഫിഈ മദ്ഹബും കേരളത്തിലെ സമസ്തക്കാർക്കെതിരും മുജാഹിദുകൾക്കനുകൂലവുമാണെന്ന് വ്യക്തം.